## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1352** **06-02-2020 ൽ മറുപടിക്ക്**

### വ്യക്തിഗത കൃഷിയ്ക്ക് ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷിക്കായി ഒരു കുടുംബത്തിന് കുന്നിൻ പ്രദേശങ്ങളിലും, സമതലപ്രദേശങ്ങളിലും എത്ര സ്ഥലം പതിച്ചു നല്കാം എന്ന് വ്യക്തമാക്കാമോ; | (എ) 30.09.2014 ലെ ജി.ഒ (പി) 425/2014/ആർ.ഡി നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം പതിച്ചു കൊടുക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.<br>1) കൈവശമില്ലാത്ത ഭൂമിയാണെങ്കിൽ സമതലപ്രദേശത്ത് 1 ഏക്കർ കരഭൂമിയോ നിലമോ പതിച്ചു നൽകാവുന്നതും, മലയോരപ്രദേശത്ത് 1 ഏക്കർ നിലമോ 3 ഏക്കർ കരഭൂമിയോ പതിച്ചു നൽകാവുന്നതാണ്.<br>2) സ്വന്തം ദേഹണ്ഡമില്ലാത്ത കൈവശ ഭൂമിയാണെങ്കിൽ സമതലപ്രദേശത്ത് 1 ഏക്കർ കരഭൂമിയോ നിലമോ പതിച്ചു നൽകാവുന്നതും, മലയോര പ്രദേശത്ത് 1 ഏക്കർ നിലമോ 3 ഏക്കർ കരഭൂമിയോ പതിച്ചു നൽകാവുന്നതുമാണ്.<br>3) കൈവശക്കാരൻ വിലപിടിപ്പുള്ള ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള ഭൂമിയാണെങ്കിൽ 2 ഏക്കർ കരഭൂമിയോ നിലമോ പതിച്ചു നൽകാവുന്നതും, മലയോരപ്രദേശത്ത് 2 ഏക്കർ നിലമോ 4 ഏക്കർ കരഭൂമിയോ പതിച്ചു നൽകാവുന്നതുമാണ്. എന്നാൽ മലയോരപ്രദേശത്തുള്ള ഭൂമി ജലസേചന സൗകര്യമുള്ള കൃഷി ഭൂമിയാണെങ്കിൽ 2 ഏക്കർ വരെ മാത്രമേ പതിച്ചു നൽകാൻ കഴിയൂ. |
| (ബി) വ്യക്തിഗത കൃഷിക്ക് ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) വ്യക്തിഗത കൃഷിക്ക് ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ തലത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ അനുദിനം ചുരുങ്ങി കുറഞ്ഞു വരുന്ന സർക്കാർ ഭൂമിയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുന്നതിലേക്കായി ഉത്തരവായിട്ടുള്ള 27.07.2011 ലെ ജി.ഒ (എം.എസ്) 280/2011/ആർ.ഡി നമ്പർ ഉത്തരവിൽ കാർഷിക ആവശ്യത്തിന് ഭൂമി പതിച്ചു നൽകേണ്ടതില്ലായെന്നു നിർദ്ദേശിച്ചിട്ടുണ്ട്. 1971 ആഗസ്റ്റ് 1-ാം തീയതിയ്ക്ക് മുമ്പുള്ള കൈവശഭൂമി പതിച്ചു നൽകുന്നതിന് പ്രസ്തുത ഉത്തരവ് ബാധകമല്ലാത്തതാണ്. അത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. |

(സി) 27/07/2011-ലെ സ.ഉ.നം. 280/11/RD പ്രകാരം ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിന് 15 സെന്റ് സ്ഥലം മാത്രമാണ് നിലവിൽ പതിച്ച് നൽകുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 27/07/2011-ലെ സ.ഉ.(എം.എസ്)നം. 280/11/RD പ്രകാരം വീട് വയ്ക്കുന്നതിന് 15 സെന്റ് സ്ഥലം മാത്രം പതിച്ച് നൽകിയാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കൈവശത്തിലില്ലാത്ത ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ മാത്രമേ സാധ്യമാവുകയുള്ളൂ.

(ഡി) സ.ഉ.നം.280/11/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാർഷിക ആവശ്യത്തിന് ഭൂമി പതിച്ച് നല്കുന്നതിനു വേണ്ടി നല്കുന്ന അപേക്ഷകൾ നിരസിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 27.07.2011 ലെ ജി.ഒ (എം.എസ്) 280/2011/ആർ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ 1.08.1971 ന് മുമ്പുള്ള കൈവശങ്ങൾക്ക് മാത്രമാണ് കാർഷിക ആവശ്യത്തിനുള്ള പതിവിൽപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നതെന്നും, ആലപ്പുഴ ജില്ലയിൽ നിലവിൽ ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുവേണ്ടിയുള്ള അപേക്ഷകൾ മാത്രമാണ് പരിഗണിച്ചു വരുന്നതെന്നും, എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ കാർഷിക ആവശ്യത്തിനുള്ള അപേക്ഷകളിൽ മേൽ ഉത്തരവിന് ശേഷം നടപടി സ്വീകരിച്ചിട്ടില്ലായെന്നും, തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ കാർഷിക ആവശ്യത്തിനുള്ള ഒരപേക്ഷ വ്യക്തമായ അതിർത്തി കാണിക്കാൻ കക്ഷിക്കു സാധിക്കാത്തതിനാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിരസിച്ചിട്ടുള്ളതായും ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോതമംഗലം താലൂക്കിലെ പട്ടയപ്രശ്നം സംബന്ധിച്ച് കൂടിയ മീറ്റിംഗിൽ കാലങ്ങളായി കൈവശം വച്ചിരിക്കുന്ന കൈവശഭൂമി കൃഷിയ്ക്കായി പതിച്ചു നൽകുന്ന കാര്യത്തിൽ 27.07.2011 ലെ ഉത്തരവ് ബാധകമാക്കേണ്ടതില്ലായെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ 2014-ലെ ഭേദഗതി പ്രകാരം കുന്നിൻ പ്രദേശങ്ങളിൽ 4 ഏക്കറും സമതല പ്രദേശങ്ങളിൽ 2 ഏക്കറും ഭൂമി കാർഷിക ആവശ്യത്തിന് പതിച്ചു നൽകാൻ കഴിയുമോ; എങ്കിൽ ഇതിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഇ) 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ, 30.09.2014 ലെ ജി.ഒ (പി) 425/2014/ആർ.ഡി നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം കൈവശക്കാരൻ വിലപിടിപ്പുള്ള ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള ഭൂമിയാണെങ്കിൽ സമതലപ്രദേശത്ത് 2 ഏക്കർ കരഭൂമിയോ നിലമോ നൽകാവുന്നതും മലയോരപ്രദേശത്ത് 2 ഏക്കർ നിലമോ 4 ഏക്കർ കരഭൂമിയോ പതിച്ചു നൽകാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ